# തളിപ്പറമ്പ് നഗരസഭ

## വസ്തുനികുതി പരിഷ്ക്കരണം - കരട് ഉപവിജ്ഞാപനം

കേരള സർക്കാർ തദ്ദേശസ്വയം ഭരണ (ആർ.സി) വകുപ്പിന്റെ 15/03/2013 തീയ്യതിയിലെ 100/2013 നമ്പർ ഉത്തരവും കേരള മുനിസിപ്പാലിറ്റി ചട്ടങ്ങൾ (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) പ്രകാരവും 14/01/2011 തീയ്യതിയിലെ സ.ഉ(അ) 17/2011 ത.സ്വ.ഭ.വ ഉത്തരവ് പ്രകാരവും 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 233-ാം വകുപ്പ് പ്രകാരവും നൽകപ്പെട്ട അധികാരങ്ങൾ ഉപയോഗിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഉപയോഗക്രമമനുസരിച്ച് ഒരു ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ നിർണ്ണയിച്ച് ഉത്തരവായിട്ടുള്ളതാണ്. ആയതു പ്രകാരം തളിപ്പറമ്പ നഗരസഭാപരിധിയിലെ കെട്ടിടങ്ങൾക്ക് മുനിസിപ്പൽ കൗൺസിലിന്റെ 22/05/2012 തീയ്യതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം നിരക്കുകളും മേഖല വിഭജനവും റോഡുകളും തരംതിരിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്.

നഗരസഭാപരിധിയിലെ ‘സി’ ഗണത്തിൽപ്പെടുന്ന ആശുപത്രി കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 7/- രൂപയിൽ നിന്നും 15/- രൂപയാക്കി മാറ്റാമെന്നുള്ള 21/11/2018 തീയ്യതിയിലെ ധനകാര്യ സ്ഥിരം സമിതിയുടെ 17-ാം നമ്പർ ശുപാർശ നഗരസഭാ കൗൺസിലിന്റെ 26/12/2018 തീയ്യതിയിലെ 44-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുള്ളതാണ്.

ആയതു പ്രകാരം തളിപ്പറമ്പ് നഗരസഭയിലെ ‘സി’ ഗണത്തിൽപ്പെടുന്ന ആശുപത്രി കെട്ടിടങ്ങളുടെ വസ്തുനികുതി ചതുരശ്ര മീറ്ററിന് 15/- രൂപ നിരക്കായി നിശ്ചയിച്ചുകൊണ്ട് ഉപവിജ്ഞാപനം പുറപ്പെടുവിക്കുന്നു. ഈ നിരക്കുകൾ 01/04/2013 മുതൽ മുൻകാല പ്രാബല്യത്തോടെ നിലവിൽ വരുന്നതാണ്. ഈ ഉപവിജ്ഞാപന പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള വിഷയങ്ങളിൽ ആക്ഷേപമുള്ളപക്ഷം ആയത് 30 ദിവസത്തിനകം രേഖാമൂലം അറിയിക്കേണ്ടതാണ്. മറ്റ് കെട്ടിടങ്ങളുടെ കാര്യത്തിൽ നിലവിലെ നിരക്കുകൾ മാറ്റമില്ലാതെ തുടരുന്നതാണ്.

സെക്രട്ടറി,
തളിപ്പറമ്പ് നഗരസഭ